"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം വകുപ്പ് - എയ്ഡഡ് - ആലപ്പുഴ, കായംകുളം എം.എസ്.എം ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി (സുവോളജി) ശ്രീമതി.റംലത്ത്.എസ് സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയും ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 22366/2021 നമ്പർ കേസിലെ വിധിന്യായം നടപ്പിലാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.217/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 11/01/2022

പരാമർശം:-

1) ശ്രീമതി.റംലത്ത്.എസ് സർക്കാരിൽ സമർപ്പിച്ച 28/09/2021 ലെ റിവിഷൻ ഹർജി
2) WP(C) No. 22366/2021 നമ്പർ കേസിലെ 20/10/2021 ലെ വിധിന്യായം.
3) ചെങ്ങന്നൂർ മേഖലാ ഉപമേധാവിയുടെ 13/12/2021 തീയതിയിലെ 1826/C3/2021/RDD/CNGR നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/12/2021 തീയതിയിലെ എ.സി.ഡി.എ3/ 201676/2021/എച്ച്.എസ്.ഇ നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ കായംകുളം എം.എസ്.എം. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി. (സുവോളജി) ശ്രീമതി.റംലത്ത്.എസ് തന്റെ 13.12.2004 മുതലുള്ള അവധി നിയമന കാലയളവുകൂടി കണക്കിലെടുത്ത് 15 വർഷത്തെ ഗ്രേഡ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയിൽ WP(C) 22366/2021 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്യുകയും ചെയ്തു. പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതി, പരാതിക്കാരിയ്ക്കും പ്രിൻസിപ്പാളിനും ഹിയറിംഗ് അവസരം നൽകി പരാമർശം(1) റിവിഷൻ ഹർജിയിന്മേൽ തീരുമാനമെടുക്കണമെന്ന് പരാമർശം(2) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പാരാതിയ്ക്കാരിയ്ക്കും ബന്ധപ്പെട്ട മറ്റ് കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി.

2) പരാതിക്കാരിക്കു വേണ്ടി ചുവടെ ചേർത്തിട്ടുള്ള പ്രകാരം വാദങ്ങൾ രേഖപ്പെടുത്തി,

ഹർജിക്കാരിയെ കായംകുളം എം.എസ്.എം. ഹയർ സെക്കന്ററി സ്കൂളിൽ മാനേജർ എച്ച്.എസ്.എസ്.റ്റി. (സുവോളജി) തസ്തികയിൽ, ഇതേ സ്കൂളിൽ എച്ച്.എസ്.എസ്.റ്റി. (സുവോളജി) റഗുലർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. ഗിരീഷ് കുമാർ 30.11.2004 മുതൽ അവധിയിൽ പ്രവേശിച്ച ഒഴിവിൽ 13.12.2004 മുതൽ 29.11.2007 വരെ നിയമിക്കുകയും, പ്രസ്തുത അവധി ഒഴിവിലെ നിയമനം ഹയർ സെക്കന്ററി ഡയറക്ടർ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് ശ്രീ.ഗിരീഷ് കുമാർ കായംകുളം മിലാഡി ഷെരീഫ് മെമ്മോറിയൽ കോളേജിൽ റെഗുലർ അടിസ്ഥാനത്തിൽ നിയമനം ലഭിച്ചതിനാൽ 30.11.2004 മുതൽ പൂർവ്വകാല പ്രാബല്യത്തിൽ രാജി സമർപ്പിക്കുകയും രാജി

അംഗീകരിച്ചുകൊണ്ട് ശ്രീ. ഗിരീഷ് കുമാറിനെ 30.11.2004 പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും ടെർമിനേറ്റ് ചെയ്ത് മാനേജർ വിടുതൽ ഉത്തരവ് നൽകുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് 01.12.2007 മുതൽ മാനേജർ ഹർജിക്കാരിയെ റെഗുലർ അടിസ്ഥാനത്തിൽ നിയമിക്കുകയും ടി നിയമനം തിരുവനന്തപുരം ഹയർ സെക്കന്ററി മേഖലാ ഉപഡയറക്ടർ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർ നിയമനം 30.11.2007 മുതൽ (01.12.2007 ന് പകരം) ഭേദഗതി വരുത്തി മാനേജർ നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ നിയമനം 30.11.2007 മുതൽ തുടർച്ചയായി അംഗീകരിച്ച് തിരുവനന്തപുരം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് 12.12.2012-ൽ 8 വർഷത്തെ സേവനം പൂർത്തിയാക്കിയ സാഹചര്യത്തിൽ 13.12.2012 മുതൽ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ഹയർ ഗ്രേഡ് അനുവദിച്ച് തിരുവനന്തപുരം മേഖല ഹയർ സെക്കന്ററി വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് ഹർജിക്കാരി ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ തസ്തികയിൽ 15 വർഷം പൂർത്തിയാക്കിയതിനെ തുടർന്ന് സീനിയർ ഗ്രേഡ് ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ചു. എന്നാൽ ഹർജിക്കാരിയെ 13.12.2004 മുതൽ നിയമിച്ചത് അവധി ഒഴിവിൽ ആയതിനാൽ അവധി ഒഴിവിലെ നിയമനകാലം ഗ്രേഡ് ആനുകൂല്യത്തിന് പരിഗണിക്കാൻ കഴിയില്ല എന്നതിനാൽ ചെങ്ങന്നൂർ മേഖലാ ഹയർസെക്കന്ററി വിദ്യാഭ്യാസ ഉപയറക്ടർ നിരസിച്ചു. തുടർന്ന് ചെങ്ങന്നൂർ മേഖലാ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഉപഡയറക്ടർ പുറപ്പെടുവിച്ച 17.08.2021 ലെ ഉത്തരവിൽ അവധി ഒഴിവിലെ സേവനകാലയളവ് ചേർത്ത് 15 വർഷത്തെ ഗ്രേഡ് നിരസിച്ചുള്ള തീരുമാനത്തിന് പുറമെ അവധി ഒഴിവിലെ കാലയളവ് ഉൾപ്പെടുത്തി 8 വർഷത്തെ ഗ്രേഡിന് പരിഗണിച്ചിട്ടുള്ളതിനാൽ 8 വർഷത്തെ ഗ്രേഡ് ആനുകൂല്യത്തിന് അനുസൃതമായി അനുവദിച്ച സാമ്പത്തിക ആനുകൂല്യങ്ങൾ തിരിച്ചടക്കേണ്ടതാണെന്നും തദനുസൃതമായി 8, 15 വർഷം തികയുന്ന തീയതി മുതൽ ഹയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ് എന്നിവ ക്രമീകരിച്ച് പുതിയ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഹയർ സെക്കന്ററി അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 3 2 ലെ ചട്ടങ്ങൾ പ്രകാരം നടക്കുന്ന നിയമനങ്ങൾ അവധി ഒഴിവിലായാലും തുടർച്ചയായുള്ള റെഗുലർ അടിസ്ഥാനത്തിലുള്ള നിയമനങ്ങളായാലും നിയമന വ്യവസ്ഥകൾ ഒന്നുതന്നെയാണ്. ഹയർ സെക്കന്ററി വിദ്യാഭ്യാസ നിയമനചട്ടങ്ങളിൽ അവധി ഒഴിവിലെ നിയമനമെന്നും റഗുലർ അടിസ്ഥാനത്തിലുള്ള നിയമനമെന്നും രണ്ടു തരത്തിലുള്ള വ്യത്യസ്ത നിയമനങ്ങൾ പരാമർശിക്കുന്നില്ല. നിയമനത്തിന്റെ സ്വഭാവം എന്തുതന്നെ ആയാലും രണ്ടു വർഷം സേവനം പൂർത്തിയാക്കുന്നതിനെ തുടർന്ന് പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ടതും ഒഴിവ് അടിസ്ഥാനത്തിലുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹതപ്പെട്ടതാണ്. ഹർജിക്കാരിയുടെ 13.12.2004 മുതൽ തുടർന്നു വരുന്നത് 30.11.2004 മുതൽ ശ്രീ. ഗിരീഷ് കുമാറിനെ സർവ്വീസിൽ നിന്നും ടെർമിനേറ്റ് ചെയ്യുന്നതിനെ തുടർന്നുണ്ടായ ഒഴിവിൽ ആയതിനാൽ റെഗുലർ അടിസ്ഥാനത്തിലുള്ള നിയമനമായി പരിഗണിക്കേണ്ടതും മറിച്ച് അവധി ഒഴിവിലെ നിയമനമായി പരിഗണനയിലെടുത്താൽ പോലും 13.12.2004 മുതൽ തുടർച്ചയായ സേവനഭംഗമില്ലാത്ത നിയമനമായതിനാൽ വാർഷിക ഇൻക്രിമെന്റ്, ഗ്രേഡ് തുടങ്ങിയ എല്ലാ ആനുകൂല്യങ്ങൾക്കും പരിഗണിക്കപ്പെടേണ്ട നിയമനമാണ് ആയതിനാൽ ചെങ്ങന്നൂർ മേഖലാ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് റദ്ദ് ചെയ്യണമെന്നും ഹർജിക്കാരി 8 വർഷം സേവനം പൂർത്തിയാക്കിയതിനെ തുടർന്നുള്ള ഹയർ ഗ്രേഡ് നിലനിർത്തിയും 15 വർഷം പൂർത്തിയാകുന്നതിനെ തുടർന്നുള്ള സെലക്ഷൻ ഗ്രേഡ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടു.

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് പ്രകാരം, ആലപ്പുഴ കായംകുളം എം.എസ്.എം. എച്ച്.എസ്.എസ്. ലെ എച്ച്.എസ്.എസ്.റ്റി. ശ്രീമതി.റംലത്ത് എസ് 13.12.2004 മുതൽ 29.11.2007 വരെ ടി സ്കൂളിലെ ശ്രീ.ഗിരീഷ് കുമാറിന്റെ അവധി ഒഴിവിലാണ് സേവനം ആരംഭിച്ചത്. കോളേജ് അദ്ധ്യാപക നിയമനം സ്വീകരിക്കുന്നതിനായി ശ്രീ. ഗിരീഷ് കുമാർ 30.11.2007 പ്രാബല്യത്തിൽ സേവനത്തിൽ നിന്നും രാജി വെച്ചതിനുശേഷമാണ് ശ്രീമതി.റംലത്ത്-ന് പ്രസ്തുത ഒഴിവിലേക്ക് 01.12.2007 മുതൽ സ്ഥിര നിയമനം ലഭിക്കുന്നത്. 25.11.2019 -ലെ 377/റ്റി2/2019/പൊ.വി.വ. നമ്പർ സർക്കാർ കത്ത് പ്രകാരം റഗുലർ സർവ്വീസ് ആരംഭിക്കുന്നതിന് മുമ്പുള്ള ലീവ് വേക്കൻസി നിയമനങ്ങൾ ഗ്രേഡിന് പരിഗണിക്കേണ്ടതില്ലെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇവിടെ ടിയാരിക്ക് ലീവ് വേക്കൻസി

കാലയളവ് കൂടി പരിഗണിച്ച് 13.12.2012 ൽ തെറ്റായി 8 വർഷ ഗ്രേഡ് അനുവദിച്ച് നൽകിയിട്ടുണ്ട്. ടിയാരി 1 5 വർഷ ഗ്രേഡിനുള്ള അപേക്ഷ ചെങ്ങന്നൂർ മേഖലാ ഉപമേധാവിയുടെ ഓഫീസിൽ സമർപ്പിച്ചപ്പോഴാണ്, അവധി ഒഴിവിലെ കാലയളവ് കൂടി പരിഗണിച്ചാണ് ഗ്രേഡിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എന്ന് മേഖലാ ഉപമേധാവിക്ക് ബോധ്യപ്പെട്ടതും, തുടർന്ന് ആയത് മേഖലാ ഉപമേധാവി നിരസിച്ചതും. ഇത്തരത്തിൽ ടിയാരിക്ക് തെറ്റായ രീതിയിൽ 8 വർഷ ഗ്രേഡ് അനുവദിച്ചിട്ടുണ്ടെങ്കിൽ ടിയാരിക്ക് അതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ എല്ലാ സാമ്പത്തികാനുകൂല്യങ്ങളും തിരിച്ചുപിടിക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കുവാനും ടിയാരിയുടെ ഹയർ ഗ്രേഡ് ക്രമീകരിക്കേണ്ടതാണെന്നും 26.07.2021 -ലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മേഖലാ ഉപമേധാവിക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മേഖലാ ഉപമേധാവി, ടിയാരിയുടെ ഗ്രേഡ് റെഗുലർ സർവ്വീസ് ആരംഭിച്ച തീയതി കണക്കാക്കി ക്രമീകരിക്കാൻ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. ഹിയറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരാമർശം(1) റിവിഷൻ ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ നിയമന രീതിയും യോഗ്യതകളും സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം XXXII ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി അദ്ധ്യായത്തിൽ നിരീക്ഷണകാലം, പ്രായപരിധി, ടെസ്റ്റ് യോഗ്യതകൾ എന്നിവ സംബന്ധിച്ച് വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഹയർസെക്കന്ററി വിദ്യാഭ്യാസം സ്റ്റേറ്റ് സർവ്വീസിനായി സ്പെഷ്യൽ റൂളും നിലവിലുണ്ട്. ടി റൂളിൽ ഹയർസെക്കന്ററി സ്കൂൾ ടീച്ചേഴ്സിന്റെ നിയമനം, വിദ്യാഭ്യാസയോഗ്യത, പ്രൊബേഷൻ മുതലായവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 20.01.2016 ലെ ജി.ഒ(പി) നം. 7/2016/ധന. സർക്കാർ ഉത്തരവ് അനക്ഷർ III (10) പ്രകാരം ഇൻക്രിമെന്റിന് പരിഗണിക്കുന്ന കാലയളവ് മാത്രമെ സമയബന്ധിത ഹയർ ഗ്രേഡിന് പരിഗണിക്കു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. റഗുലർ നിയമനത്തിൽ തുടരുന്ന എയ്ഡഡ് ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് ടി എൻടി തസ്തികയിൽ പ്രവേശിച്ച തീയതി മുതലുള്ള സേവനം മാത്രമേ ഗ്രേഡ് അനുവദിക്കുന്നതിനുള്ള യോഗ്യസേവനകാലമായി കണക്കാക്കുവാൻ കഴിയുകയുള്ളു. അപ്രകാരം റഗുലർ സർവ്വീസ് ലഭിക്കുന്നതിനു മുമ്പുള്ള ലീവ് വേക്കൻസി നിയമനങ്ങൾ ഹയർ ഗ്രേഡിന് യോഗ്യസേവനകാലമായി പരിഗണിക്കാനാവില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 20.01.2016 ലെ ജി.ഒ(പി)നം.7/2016/ധന. സർക്കാർ ഉത്തരവ് ഖണ്ഡിക 8(4) പ്രകാരം അദ്ധ്യാപകർക്ക് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്ന വിഷയത്തിൽ ശമ്പള പരിഷ്കരണ ഉത്തരവുകളിലെ അനുബന്ധം III ലെ വ്യവസ്ഥകൾക്കു പുറമേ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവുകളും ബാധകമായിരിക്കുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

5. ശ്രീമതി റംലത്ത് എസ്. , എച്ച്.എസ്.എസ്.റ്റി. (സുവോളജി) തസ്തികയിൽ കായംകുളം എം.എസ്.എം. ഹയർ സെക്കന്ററി സ്കൂളിൽ 13.12.2004 മുതൽ 30.11.2007 വരെ ശ്രീ. ഗിരീഷ് കുമാറിന്റെ അവധി ഒഴിവിൽ സേവനം അനുഷ്ഠിച്ചിരുന്നു. പിന്നീട് ശ്രീ. ഗിരീഷ് കുമാർ 30.11.2007 -ൽ ആവശ്യപ്പെട്ട പ്രകാരം മാനേജർ ടിയാനെ അന്നേ ദിവസം 30.11.2004 പ്രാബല്യത്തിൽ റിലീവ് ചെയ്യുകയും, ടി ഒഴിവിൽ 01.12.2007 മുതൽ ശ്രീമതി റംലത്ത് എസ്. -ന് മാനേജർ റെഗുലർ നിയമനം നൽകുകയും ചെയ്തു. പിന്നീട് ടി നിയമനം 30.11.2007 മുതൽ നൽകുകയും ചെയ്തിട്ടുണ്ട്. അവധി ഒഴിവിലെ നിയമനം റഗുലർ ഒഴിവിലെ നിയമനമായി കണക്കാക്കാൻ സാദ്ധ്യമല്ല എന്ന് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി റംലത്ത്.എസ്-ന് തെറ്റായി അനുവദിച്ചു നൽകിയ ഗ്രേഡ് ചെങ്ങന്നൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ പുന:പരിശോധിച്ചതും അധികമായി നൽകിയ സാമ്പത്തികാനുകൂല്യങ്ങൾ തിരിച്ചു പിടിക്കാനുള്ള നടപടികൾ സ്വീകരിച്ചതും. ആയത് ശരിയായ നടപടിയാണ്. ശ്രീ. ഗിരീഷ് കുമാറിനെ 30.11.2007 - നാണ് റിലീവ് ചെയ്തിരിക്കുന്നത്. അതുവരെ ടിയാൻ അവധിയിലായിരുന്നു. മുൻകാല പ്രാബല്യത്തോടെ രാജി സ്വീകരിക്കാൻ വ്യവസ്ഥയില്ല. ശ്രീമതി റംലത്തിന് റഗുലർ സർവ്വീസിലെ നിയമനം 01.12.2007 നു പകരം 30.11.2007 എന്ന് റീജിയണൽ

ഡെപ്യൂട്ടി ഡയറക്ടർ തിരുത്തി നൽകിയത് ശരിയായ നടപടിയല്ല. ആയതിനാൽ പരാതിക്കാരിയുടെ റെഗുലർ സർവ്വീസിലെ നിയമനം മാനേജരുടെ 01.12.2007 ലെ നിയമന ഉത്തരവ് പ്രകാരം 01.12.2007 ആയി ക്രമീകരിക്കാൻ ചെങ്ങന്നൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകി അപ്രകാരം പരാമർശം(1) റിവിഷൻ പെറ്റീഷൻ തീർപ്പാക്കിയും പരാമർശം(2) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റജിലാ ബീവി.എസ്
ഡെപ്യൂട്ടിസെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിഭാഗം), ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം,ചെങ്ങന്നൂർ
പ്രിൻസിപ്പാൾ, എം.എസ്.എം ഹയർ സെക്കൻഡറി സ്കൂൾ, കായംകുളം, ആലപ്പുഴ – 690 502
ശ്രീമതി.റംലത്ത്.എസ്, എച്ച് എസ് എസ് റ്റി (സുവോളജി), എം.എസ്.എം ഹയർ സെക്കൻഡറി സ്കൂൾ, കായംകുളം, ആലപ്പുഴ – 690 502
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Shajahan S
Date: 11-01-2022 14:00:41
Reason: Approved
സെക്ഷൻ ഓഫീസർ